സമ്മേ

# മഗ്‌രിബിലെ 'അൽഖാഇദ'യോട് ഖറദാവിയുടെ ഉപദേശം

**ദിവസങ്ങൾക്കു** മുമ്പ് അൾജീരിയയിലെ ബാനിത, ദലസ് നഗരങ്ങളിൽ രണ്ട് ഉഗ്രസ്ഫോടനങ്ങളുണ്ടായി. അറുപത് പേരാണ് കൊല്ലപ്പെട്ടത്. 200 പേർക്ക് പരിക്കേറ്റു. 'ഇസ്‌ലാമിക് മഗ്‌രിബിലെ (മൊറോക്കോ, തുനീഷ്യ, അൾജീരിയ എന്നിവയാണ് മഗ്‌രിബ് രാജ്യങ്ങൾ) അൽഖാഇദ' എന്ന സംഘടനയാണ് സ്ഫോടനങ്ങളുടെ ഉത്തരവാദിത്വമേറ്റത്. "ഇത്തരം വഴിതെറ്റിയ സംഘടനകളോട് ഞാൻ അഭ്യർഥിക്കുന്നു: നിങ്ങൾ വിവേകത്തിന്റെ പാതയിലേക്ക് തിരിച്ചുവരണം. അല്ലാഹുവിനോട് മാപ്പിരന്ന് കൈവിട്ടുപോയ ദീനിനെ വീണ്ടെടുക്കണം. ഇക്കാര്യത്തിൽ ഈജിപ്തിലെ 'അൽ ജമാഅ ഇസ്‌ലാമിയ്യ' എന്ന സംഘടന കാണിച്ച ആർജവം നിങ്ങൾക്ക് മാതൃകയാവണം. വർഷങ്ങളായി തങ്ങൾ തുടർന്നുവന്ന ഭീകരതയുടെയും തീവ്രവാദത്തിന്റെയും തെറ്റായ വഴികൾ തിരുത്തുകയാണെന്ന് അവർ പരസ്യമായി പ്രഖ്യാപിച്ചു" - ആഗോള മുസ്‌ലിം പണ്ഡിത സമിതിയുടെ തലവൻ ഡോ. യൂസുഫുൽ ഖറദാവി, അൾജീരിയൻ പ്രസിഡന്റ് അബ്ദുൽ അസീസ് ബൂതഫ്‌ലീഖക്ക് അയച്ച അനുശോചന സന്ദേശത്തിലാണ് ഇസ്‌ലാമിന്റെ പേരിൽ തീവ്രവാദ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനക്കുള്ള ഈ ഉപദേശം.

സ്വന്തം നാട്ടുകാരുടെ രക്തം ചിന്തുന്ന ഇവർ എന്തിനാണ് ഇസ്‌ലാമിസ്റ്റുകളായി ചമയുന്നത്? ഖറദാവി ചോദിച്ചു: "ഒരു വിശ്വാസി തന്റെ സഹോദരനു നേരെ ആയുധമുയർത്തി എന്തെങ്കിലും സൂചനകൾ നൽകുന്നതുപോലും പ്രവാചകൻ വിലക്കിയിട്ടുണ്ട്. തങ്ങളെ എതിർക്കുന്നവർ ആരായിരുന്നാലും അവരുടെ രക്തം ചിന്താം എന്ന ഖവാരിജി നിലപാടാണ് ഇവരുടേത്. ഇവർ തെറ്റ് തിരുത്താൻ തയാറായില്ലെങ്കിൽ, 'നുരയും പതയും ഇല്ലാതാവും, ജനങ്ങൾക്ക് പ്രയോജനപ്പെടുന്നത് ഭൂമിയിൽ അവശേഷിക്കും' എന്ന ദൈവിക നടപടിക്രമം ഇവരുടെ കാര്യത്തിലും സത്യമായി പുലരും."

# ഇഫ്ത്വാർ പാർട്ടിക്ക് വിലക്ക്

**ഈജിപ്തിൽ** അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ സ്ഥിരമായി നടത്തിവരാറുള്ള ഇഫ്ത്വാർ സംഗമത്തിന് വിലക്ക്. രാഷ്ട്രീയ നേതാക്കൾ, സാംസ്കാരിക പ്രവർത്തകർ, എഴുത്തുകാർ തുടങ്ങി വിവിധ മേഖലകളിലുള്ള പ്രമുഖർ സംബന്ധിക്കുന്ന ഈ സംഗമം രാജ്യത്തെയും ജനങ്ങളെയും ബാധിക്കുന്ന പ്രശ്നങ്ങളിൽ ആശയക്കൈമാറ്റത്തിനുള്ള ഒരു വേദി കൂടിയാണ്. ആഭ്യന്തരമന്ത്രാലയം ഇടപെട്ടാണ് വിലക്ക് ഏർപ്പെടുത്തിയത്. 2007 സെപ്റ്റംബർ 22-നാണ് സംഗമം നടക്കേണ്ടിയിരുന്നത്. 'ഈജിപ്ഷ്യൻ ഭരണകൂടത്തിന്റെ പ്രതിഛായ ഒന്നുകൂടി വികൃതമാക്കാനേ ഈ നടപടി ഉതകൂ' - ഇഖ്‌വാൻ ഡെപ്യൂട്ടി ചെയർമാൻ ഡോ. മുഹമ്മദ് ഹബീബ് പറഞ്ഞു.

ഇഖ്‌വാന്റെ ജനസ്വാധീനം തെളിയിക്കപ്പെട്ടുകഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനു ശേഷം സംഘടനക്കെതിരെ അടിച്ചൊതുക്കൽ നയമാണ് ഭരണകൂടം സ്വീകരിച്ചുവരുന്നത്. ഇല്ലാ കുറ്റങ്ങൾ ചുമത്തി സംഘടനാ നേതാക്കളെയും പ്രവർത്തകരെയും അറസ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ കേസുകളുടെ വിചാരണ സൈനിക കോടതിയിലേക്ക് മാറ്റിയത് വലിയ പ്രതിഷേധത്തിന് വഴിവെച്ചിരുന്നു. സംഘടനാ അനുഭാവികളുടെ വ്യാപാര സ്ഥാപനങ്ങളിൽ റെയ്ഡ് നടന്നതും ചിലരുടെ സ്വത്തുക്കൾ മരവിപ്പിച്ചതും ഈയിടെയാണ്.

# ചരിത്രത്തെ കൊള്ളയടിക്കുന്നു

**ചരിത്രത്തിന്റെ** കളിത്തൊട്ടിലെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇറാഖിന് ചരിത്രമേ ഇല്ലാതാവുന്നു. അമേരിക്കൻ അധിനിവേശ സൈന്യത്തിന്റെ മൗനാനുവാദത്തോടെ ഇറാഖികളായ തസ്കരസംഘങ്ങൾ ചരിത്രസ്മാരകങ്ങളെല്ലാം കൊള്ളയടിക്കുകയാണ്. ചരിത്രഭൂമികളിൽ സൈനിക ക്യാമ്പുകൾ സ്ഥാപിച്ചുകൊണ്ട് സ്മാരകങ്ങൾ തകർക്കുന്നതിൽ അധിനിവേശ സൈന്യവും ഭാഗഭാക്കാവുന്നു. പ്രശസ്ത പത്രപ്രവർത്തകൻ റോബർട്ട് ഫിസ്ക് *ദി ഇന്റിപെന്റന്റ്* പത്രത്തിലെഴുതിയ ലേഖനത്തിൽ (സെപ്റ്റംബർ 17) പകൽകൊള്ളയുടെ വിശദമായ വിവരണങ്ങളുണ്ട്.

പുരാവസ്തുസമ്പന്നമായ പതിനായിരം സ്ഥലങ്ങളെങ്കിലും ഇതിനകം കൊള്ളചെയ്യപ്പെട്ടിട്ടുണ്ടെന്നാണ് നിഗമനം. പഴയ നഗരങ്ങളുടെ അവശിഷ്ടങ്ങളുള്ള 20 ചതുരശ്ര കിലോമീറ്റർ പരിധിയിലാണ് വൻതോതിൽ കവർച്ച നടക്കുന്നത്. നേരാംവണ്ണം പുരാവസ്തു ഖനനം നടന്നിരുന്നുവെങ്കിൽ മനുഷ്യനാഗരികതയെക്കുറിച്ചുള്ള പല വിവരങ്ങളും ഇവിടെനിന്ന് ലഭിക്കുമായിരുന്നു. കൊള്ളചെയ്യുന്ന അപൂർവ കലാരൂപങ്ങൾ യൂറോപ്പ്, അമേരിക്ക, ജപ്പാൻ, യു.എ.ഇ തുടങ്ങിയ നാടുകളിലേക്ക് കടത്തി വിറ്റ് കാശാക്കുകയാണ്. ഏഴായിരം വർഷത്തിലധികം പഴക്കമുള്ള മെസപ്പോട്ടേമിയൻ കലാരൂപങ്ങൾ വിൽക്കുന്നതിനായി പ്രത്യേകം വെബ്സൈറ്റുകൾ തന്നെ ആരംഭിച്ചിട്ടുണ്ട്.

4000 ബി.സിയിൽ നിർമിക്കപ്പെട്ടതാണ് ഉർ നഗരം. ഇബ്റാഹിം നബി ഇവിടെയാണ് ജനിച്ചതെന്ന് കരുതപ്പെടുന്നു. ഈ പഴയ നഗരാവശിഷ്ടങ്ങൾക്കിടയിലും അമേരിക്ക സൈനിക ക്യാമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ടാങ്ക് പോലുള്ള കനത്ത സൈനികവാഹനങ്ങളുടെ പോക്കുവരവ് കാരണം ഈ പഴയ നഗരത്തിന്റെ മതിലുകൾ പലതും കുലുക്കം തട്ടി വീണു കഴിഞ്ഞു. 'മ്യൂസിയങ്ങളും ലൈബ്രറികളും കൊള്ളയടിക്കപ്പെട്ടു. ചരിത്രത്തിന്റെ ഏറ്റവും വലിയ നശീകരണമാണ് അമേരിക്കൻ അധിനിവേശത്തിലൂടെ സംഭവിച്ചത്' - ലബനീസ് പുരാവസ്തു ഗവേഷക ജോനി ഫർച്ചാഖ് പറഞ്ഞു.

# സ്പാനിഷ് ലീഗിൽ റമദാൻ വസന്തം

**യായ ടൂർ,** എറിക് അബിദാൽ, ലിലിയൻ തുറാം..... ഇവരുടെ മാന്ത്രികപ്രകടനത്തെക്കുറിച്ചല്ല ഇപ്പോൾ സ്പെയിനിലെ ഫുട്ബോൾ പ്രേമികൾ സംസാരിക്കുന്നത്. അവരുടെ മതത്തെ കുറിച്ചാണ്. നോമ്പെടുത്താൽ അതവരുടെ പ്രകടനത്തെ ബാധിക്കില്ലേ? സ്പാനിഷ് ലീഗിലെ വമ്പന്മാരായ എഫ്.സി ബാഴ്സിലോണയുടെ കളിക്കാരാണ് ഇസ്‌ലാം വിശ്വാസികളായ മൂവരും. കളിയുള്ള ദിവസം നോമ്പെടുക്കാൻ അനുവദിക്കാനാവില്ലെന്ന ടീം ഡോക്ടർമാരുടെ തീരുമാനം ഇവരെ മനഃപ്രയാസത്തിലാക്കിയിരിക്കുകയാണ്.

"ഇസ്‌ലാമിലെ ഒരനുഷ്ഠാനവും, വ്രതം ഉൾപ്പെടെ എന്റെ പ്രകടനത്തെ ബാധിച്ചിട്ടില്ല." ബാഴ്സിലോണയുടെ പ്രതിഭാസമ്പന്നനായ മിഡ്ഫീൽഡർ യായ പറഞ്ഞു. ഈ സീസണിൽ പത്ത് മില്യൻ യൂറോക്കാണ് ഫ്രാൻസിലെ മൊണാക്കോ ക്ലബ്ബിൽനിന്ന് യായയെ ബാഴ്സിലോണ വിലയ്ക്ക് വാങ്ങിയത്. അബിദാൽ പതിനഞ്ച് മില്യൻ യൂറോക്കാണ് ബാഴ്സിലോണ ക്ലബ്ബുമായി കരാർ ഒപ്പിട്ടത്. പരിശീലനത്തിന് ഇറങ്ങുമ്പോഴും വിശുദ്ധ ഖുർആന്റെ ഒരു കോപ്പി ഇദ്ദേഹം കൂടെ കരുതാറുണ്ട്. റിയൽ മാഡ്രിഡിന്റെ മിഡ്ഫീൽഡർ മമദു ഡയറയാണ് നോമ്പെടുക്കുന്ന മറ്റൊരു കളിക്കാരൻ.

'ഇസ്‌ലാമിനെ മനസ്സിലാക്കിയവർക്ക് അറിയാം, വ്രതം ഒരു മുസ്‌ലിമിനെ ദുർബലനാക്കുകയല്ല, ശക്തനാക്കുകയാണ് ചെയ്യുക' - സെവില്ലി എഫ്.സിക്കു വേണ്ടി കളിക്കുന്ന ഫ്രെഡറിക് കനൂട്ട് പറഞ്ഞു.

കഴിഞ്ഞ സീസണിൽ റൊണാൾഡീഞ്ഞോയെ പോലുള്ള പ്രതിഭാശാലികളെ പിന്തള്ളി 20 ഗോളോടെ ടോപ്പ് സ്കോറർ പദവി പിടിച്ചെടുത്ത കനൂട്ട് സ്വന്തം പ്രകടനത്തിലൂടെ അത് തെളിയിക്കുകയും ചെയ്തു. ഇസ്‌ലാമികാനുഷ്ഠാനങ്ങളിൽ നിഷ്ഠ പുലർത്തുന്ന കളിക്കാരനാണ് കനൂട്ട്. ഒരു ചൂതാട്ടകേന്ദ്രം സ്പോൺസർ ചെയ്യുന്ന ജേഴ്സി അണിയാൻ അദ്ദേഹം വിസമ്മതിച്ചിരുന്നു.

■